LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് സർക്കാർ കോളേജിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

148 [747] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സർക്കാർ കോളേജിൽ ആവശ്യത്തിന് ക്ളാസ് മുറികളും സൗകര്യപ്രദമായ അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കും നിലവിലില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമങ്ങാട് സർക്കാർ കോളേജിന് ആവശ്യാനുസരണം ക്ളാസ് മുറികളും അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തി, നിർദ്ദേശം സർക്കാരിന് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

148 [748] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

,, ടി. എൻ. പ്രതാപൻ:

,, എ. സുജനപാൽ:

,, പി. ടി. തോമസ്:

,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ഓടുകൂടി ഇന്ത്യൻ തൊഴിൽ മേഖലയിലും ലോക തൊഴിൽ മേഖലയിലും ഉണ്ടാകുന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ആവശ്യകതയെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) അതിന്റെ ഫലമായി ഏതെല്ലാം സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടുവാനുള്ള കൂടുതൽ കോഴ്സുകളും സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടില്ല.

(ബി)യും (സി)യും സാങ്കേതിക വ്യാവസായിക രംഗങ്ങളിൽ ആഗോളതലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഗുണപരമായ മാറ്റങ്ങൾക്കനുസൃതമായി യൂണിവേഴ്സിറ്റി കരിക്കുലത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് ചാൻസലർമാർ, ഐ. ടി. രംഗത്തെ സാങ്കേതിക വിദഗ്ദ്ധർ, വിദ്യാഭ്യാസ വിചക്ഷണൻമാർ എന്നിവരുമായി ബഹു: മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും പുതിയ വെല്ലുവിളികൾ നേരിടുന്നതിനും സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനുമാവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തദനുസൃതമായി തുടർനടപടികൾ പ്രാവർത്തികമാക്കുന്നതോടുകൂടി യുവാക്കൾക്ക് സാങ്കേതിക വ്യാവസായിക രംഗങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് സർക്കാർ പ്രത്യാശിക്കുന്നു.

നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി

150 [749] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അദ്ധ്യയന വർഷം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കത്തക്ക വിധത്തിൽ ഇതിന്റെ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)യും (ബി)യും (സി)യും നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ച് വരുന്നു.

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ പുതിയ കോഴ്സുകൾ

151 [750] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ അനുവദിച്ച പുതിയ കോഴ്സ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത കോഴ്സ് ഏതാണ് ?

ഉത്തരം

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ ബി. എസ് സി. കെമിസ്ട്രി കോഴ്സാണ് പുതുതായി സർക്കാർ അനുവദിച്ചത്.

(ബി) ബി. എസ് സി. (കെമിസ്ട്രി), ബി.കോം., എം. എ. (ഇക്കണോമിക്സ്) എന്നീ കോഴ്സുകൾ യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly